ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE:15.03.2026**

1. കേരളമുൾപ്പെടെ അഞ്ചിടങ്ങളിൽ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ച് കേന്ദ്ര തിരഞ്ഞെടുപ്പു കമ്മീഷൻ; കേരളം വിധിയെഴുതുന്നത് ഏപ്രിൽ 9ന്. വോട്ടെണ്ണൽ മെയ് നാലിന്.

2. അസമിലും പുതുച്ചേരിയിലും തിരഞ്ഞെടുപ്പ് ഏപ്രിൽ 9-ന്; തമിഴ്നാട്ടിൽ ഏപ്രിൽ 23-ന്; പശ്ചിമ ബംഗാളിൽ ഏപ്രിൽ 23-നും 29-നും രണ്ടുഘട്ടമായി തിരഞ്ഞെടുപ്പ്.

3. തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കുന്നതിനും, വോട്ടർമാർക്ക് വിവിധ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷ്ണർ ഗ്യാനേഷ് കുമാർ.

4. സംസ്ഥാനത്ത് സ്ഥാനാർഥികളെ പ്രഖ്യാപിച്ച് സിപിഐ എമ്മും സിപിഐയും; കോൺഗ്രസ്-ബിജെപി സ്ഥാനാർഥികളുടെ ഔദ്യോഗിക പ്രഖ്യാപനം വരും ദിവസങ്ങളിൽ.

5. 2026ലും ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമെന്നു സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ; നൂറിലധികം സീറ്റുമായി യു ഡി എഫ് ഭരണത്തിലേറുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ; പരമ്പരാഗത മുന്നണികളുടെ പതനത്തിനു സാക്ഷ്യം വഹിക്കുന്ന തിരഞ്ഞെടുപ്പാകുമെന്ന് ബി ജെ പി നേതാവ് പി കെ കൃഷ്ണദാസ്.

RNU TVPM

6. രാജ്യത്തുടനീളമു ള്ള എൽപിജി വിതരണ കേ ന്ദ്രങ്ങളിൽ പാചകവാതക വിതരണ ത്തിന് തട സ്സമില്ലെന്ന് കേന്ദ്രസർക്കാർ.

&&&&&&&&&&&&&&&&&&&&

## നിയമസഭാ തിരഞ്ഞെടുപ്പ് (ഇൻട്രോ)

കേരളം ഉൾപ്പടെ നാല് സംസ്ഥാനങ്ങളിലേക്കും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലേക്കുമുള്ള നിയമസഭാ തിരഞ്ഞെടുപ്പ് തീയതി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഏപ്രിൽ ഒൻപതിനു നടക്കും. വോട്ടെണ്ണൽ മെയ് നാലിനാണ്.

**വിശദാംശങ്ങളിലേക്ക്..**

*(വോയിസ്)*

*കേരളം, തമിഴ്നാട്, അസം, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയുടെയും നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പ് തീയതികളാണ് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പ്രഖ്യാപിച്ചത്. കേരളത്തിലും, അസമിലും, പുതുച്ചേരിയിലും ഏപ്രിൽ ഒൻപതിനും തമിഴ്നാട്ടിൽ ഏപ്രിൽ 23 നും ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്. പശ്ചിമ ബംഗാളിൽ ഏപ്രിൽ 23നും 29നും രണ്ടു ഘട്ടമായി പോളിംഗ് പൂർത്തിയാകും. എല്ലായിടത്തും മെയ് നാലിനാണു വോട്ടെണ്ണൽ*

*(വോയ്സ്)*

*നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 23ഉം, പത്രിക പിൻവലിക്കാനുള്ള അവസാന തീയതി*

RNU TVPM

*മാർച്ച് 26ഉം ആണ്. നാമനിർദേശ പത്രികാ പരിശോധന മാർച്ച് 24ന് നടക്കും. കേരളത്തിൽ 140, തമിഴ് നാട്ടിൽ 234, അസമിൽ 126, പശ്ചിമ ബംഗാളിൽ 294, പുതുച്ചേരിയിൽ 30 എന്നിങ്ങനെ ആകെ 824 മണ്ഡലങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ഗോവ, ഗുജറാത്ത്, കർണ്ണാടക, മഹാരാഷ്ട്ര, നാഗാലാൻഡ്, ത്രിപുര സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് തീയതിയും കമ്മീഷൻ പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സംസ്ഥാനങ്ങളിൽ മാതൃക പെരുമാറ്റ ചട്ടം നിലവിൽ വന്നതായി കമ്മീഷൻ അറിയിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

*************************

## തിരഞ്ഞെടുപ്പ് കമ്മീഷൻ-വാർത്താ സമ്മേളനം

RNU TVPM

തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കുന്നതിനും, വോട്ടർമാർക്ക് വിവിധ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഇരുപത്തിയഞ്ച് ലക്ഷത്തോളം ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കായി വിന്യസിക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. 5 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ആകെ 17.4 കോടി സമ്മതിദായകരാണുള്ളത്. 2.19 ലക്ഷം പോളിംഗ് സ്റ്റേഷനുകളാണു സജ്ജമാക്കുക. ഒരു പോളിംഗ് സ്റ്റേഷനിൽ പരമാവധി 1200 വോട്ടർമാർ മാത്രമേ ഉണ്ടാകൂ. എല്ലാ വോട്ടിങ് കേന്ദ്രത്തിലും സമ്പൂർണ വെബ്കാസ്റ്റിംഗ് ഉണ്ടായിരിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ വ്യക്തമാക്കി.

*************************

## നിയമസഭാ തിരഞ്ഞെടുപ്പ് (2)

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം നിലവിൽ വന്ന അന്തിമ വോട്ടർപട്ടിക പ്രകാരം രണ്ടു കോടി എഴുപത് ലക്ഷത്തോളം വോട്ടർമാർ വിധിപ്രഖ്യാപനത്തിൽ പങ്കാളികളാകുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നൂറു വയസ്സിനു മുകളിലുള്ള 1,571 വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. 18 നും 19 നും ഇടയിൽ പ്രായമുള്ള 4.24 ലക്ഷം കന്നി വോട്ടർമാരും, 20 നും 29 നും ഇടയിൽ പ്രായമുള്ള 45 ലക്ഷം യുവ വോട്ടർമാരും സംസ്ഥാനത്ത് സമ്മതിദാനാവകാശം വിനിയോഗിക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

*************************

## നിയമസഭാ തിരഞ്ഞെടുപ്പ് (3)

RAJUTVPM

നിയമസഭാ തെരഞ്ഞെടുപ്പിനായി സംസ്ഥാനത്ത് 30,471 പോളിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നഗര മേഖലകളിൽ 6,130-ഉം, ഗ്രാമീണ മേഖലകളിൽ 24,341-ഉം സ്റ്റേഷനുകളാണ് ക്രമീകരിക്കുന്നത്. ഇവയിൽ 790 മാതൃക പോളിംഗ് സ്റ്റേഷനുകളും, 397 എണ്ണം വനിതകൾ നിയന്ത്രിക്കുന്ന പോളിംഗ് സ്റ്റേഷനുകളും ആയിരിക്കും. വോട്ടിങ് മെഷീനുകളിൽ ഇക്കുറി സ്ഥാനാർഥികളുടെ കളർ ഫോട്ടോ പതിപ്പിക്കുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷണർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

*************************

## സിപിഐഎം

നിയമസഭാ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപനത്തിന് പിന്നാലെ സംസ്ഥാനത്തെ 81 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള

സ്ഥാനാർത്ഥികളെ സിപിഐഎം പ്രഖ്യാപിച്ചു. 6 പേർ സ്വതന്ത്ര സ്ഥാനാർത്ഥികളാണ്. മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെ 11 മന്ത്രിമാരും 54 സിറ്റിംഗ് എം എൽ എ മാരും പട്ടികയിലുണ്ട്. 5 മണ്ഡലങ്ങളിലെ സ്വതന്ത്ര സ്ഥാനാർത്ഥികളെ ഉടൻ പ്രഖ്യാപിക്കുമെന്ന് സിപിഐ-എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. തുടർച്ചയായി മൂന്നാമതും ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമെന്ന് എം വി ഗോവിന്ദൻ പറഞ്ഞു.
*************************

## സിപിഐ സ്ഥാനാർഥികൾ

സിപിഐ 25 സീറ്റിലേക്കുള്ള സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വമാണ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്. നിലവിലെ മന്ത്രിസഭയിലെ നാലു മന്ത്രിമാർ വീണ്ടും ജനവിധി തേടും. ജി ആർ അനിൽ നെടുമങ്ങാട്ടും, കെ രാജൻ ഒല്ലൂരിലും, പി പ്രസാദ് ചേർത്തലയിലും, ജെ ചിഞ്ചുറാണി ചടയമംഗലത്തും മത്സരിക്കും.
*************************

## വി ഡി സതീശൻ - കോൺഗ്രസ്

നൂറിലധികം സീറ്റുമായി യു ഡി എഫ് അധികാരത്തിലേക്ക് തിരിച്ചു വരുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. സ്ഥാനാർഥി പട്ടിക ഉടൻ പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറവൂരിൽ മാധ്യമപ്രവർത്തകരോടു പറഞ്ഞു.
*************************

## പി കെ കൃഷ്ണദാസ് - ബിജെപി

രണ്ട് ദിവസത്തിനുള്ളിൽ എൻ ഡി എ സ്ഥാനാർത്ഥിപ്പട്ടിക പുറത്തിറക്കുമെന്ന് ബിജെപി നേതാവ് പി കെ കൃഷ്ണ ദാസ് പറഞ്ഞു. കേരളത്തിൽ പരമ്പരാഗത മുന്നണികളുടെ

RNU TVPM

പതനത്തിനു സാക്ഷ്യം വഹിക്കുന്ന തെരഞ്ഞെടുപ്പാകും ഇതെന്ന് പി കെ കൃഷ്ണദാസ് തിരുവനന്തപുരത്ത് പറഞ്ഞു.
*************************

**പെട്രോളിയം മന്ത്രാലയം**

രാജ്യത്തുടനീളമുള്ള എൽപിജി വിതരണക്കാരിൽ പാചകവാതക വിതരണം നിലച്ചതായി റിപ്പോർട്ടുകളൊന്നുമില്ലെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം അറിയിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും വിതരണം പതിവുപോലെ തുടരുന്നതായും മന്ത്രാലയം കൂട്ടിച്ചേർത്തു. രാജ്യത്തുടനീളം ആവശ്യത്തിന് പെട്രോളും ഡീസലും ലഭ്യമായതിനാൽ പരിഭ്രാന്തിയിലാകരുതെന്ന് മന്ത്രാലയം പൗരന്മാർക്കു നിർദേശം നൽകി.
*************************

**പിഎൻജി**

പിഎൻജി കണക്ഷനും എൽപിജി കണക്ഷനും ഒരുമിച്ച് കൈവശമുള്ളവർ അവരുടെ എൽപിജി കണക്ഷൻ ഉടൻ ഉപേക്ഷിക്കണമെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം നിർദ്ദേശിച്ചു. പിഎൻജി കണക്ഷനുള്ള വ്യക്തികൾക്ക് ഗാർഹിക എൽപിജി കണക്ഷൻ നിലനിർത്താനോ, സർക്കാർ എണ്ണക്കമ്പനികളിൽ നിന്നും അംഗീകൃത വിതരണക്കാരിൽ നിന്നും എൽപിജി സിലിണ്ടറുകൾ റീഫിൽ ചെയ്യാനോ അനുവാദമുണ്ടാകില്ലെന്ന് മന്ത്രാലയം അറിയിച്ചു.
*************************

**വിളപ്പിൽ ഗ്രാമ പഞ്ചായത്ത് (ഇൻട്രോ)**

RNU TVPM

തിരുവനന്തപുരം വിളപ്പിൽ ഗ്രാമ പഞ്ചായത്തിൽ തണ്ണിമത്തൻ കൃഷിയുടെ വിജയ മധുരം.വന്യ മൃഗ ഭീഷണിയെ തരണം ചെയ്താണ് ഈ പ്രദേശത്തെ കർഷകർ മണ്ണിൽ പൊന്നു വിളയിച്ചത്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട് തയായറാക്കിയ റിപ്പോർട്ട്.....**

(ഹോൾഡ് - വോയിസ്)

*************************

## ഫീസ് വർധിപ്പിച്ചു-ഫാസ്റ്റാഗ്

വരുന്ന സാമ്പത്തിക വർഷത്തേക്ക് ഫാസ്റ്റാഗ് പാസിനുള്ള വാർഷിക ഫീസ് വർധിപ്പിച്ചു. നിലവിലെ വാർഷിക ഫീസായ 3000 രൂപയിൽ നിന്ന് 3075 രൂപയായാണ് വർധിപ്പിച്ചതെന്ന് ദേശീയ പാത അതോറിറ്റി അറിയിച്ചു. പരിഷ്കരിച്ച തുക അടുത്ത മാസം ഒന്നാം തീയതി മുതൽ ബാധകമാകും.

*************************

RNU TVPM

## സിബിഎസ്ഇ

പശ്ചിമേഷ്യൻ മേഖലയിൽ നാളെ മുതൽ നടക്കാനിരുന്ന പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ സിബിഎസ്ഇ റദ്ദാക്കി. മാർച്ച് 9 വരെയുള്ള പരീക്ഷകൾ നേരത്തെ മാറ്റിവച്ചിരുന്നു. ഈ പരീക്ഷകളും റദ്ദാക്കിയിട്ടുണ്ട്. പരീക്ഷാഫലം പ്രഖ്യാപിക്കുന്ന രീതി പിന്നീട് പ്രത്യേകം അറിയിക്കുമെന്നും സിബിഎസ്ഇ കൂട്ടിച്ചേർത്തു.

*************************

## അബ്ബാസ് അരാഗ്ചി.

ഹോർമുസ് കടലിടുക്ക് അന്താരാഷ്ട്ര കപ്പൽ ഗതാഗതത്തിനായി തുറന്നിട്ടിരിക്കുകയാണെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി. എന്നാൽ സുരക്ഷാ കാരണങ്ങൾ മുൻനിർത്തി, അമേരിക്ക-ഇസ്രയേൽ ബന്ധമുള്ള കപ്പലുകൾ കടന്നുപോകാൻ അനുവദിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

*************************

## അമിക്കസ് ക്യൂറി

ശബരിമല സ്വർണ്ണ കവർച്ചയുമായി ബന്ധപെട്ട് ഹൈക്കോടതി നിയോഗിച്ച അമിക്കസ്ക്യൂറി രണ്ടുദിവസത്തെ പരിശോധനയ്ക്ക് ശേഷം മടങ്ങി. ജസ്റ്റിസ് കെ.ടി ശങ്കരന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്.

*************************

## റവന്യൂ ഇന്റലിജൻസ് പിടികൂടി

ഡൽഹിയിലും കൊൽക്കത്തയിലും പ്രവർത്തിച്ചിരുന്ന സംഘടിത സ്വർണക്കടത്ത്, അനധികൃത സ്വർണം ഉരുക്കൽ സംഘത്തെ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് പിടികൂടി. 14 കോടി രൂപയിലധികം മൂല്യം വരുന്ന സ്വർണം, വെള്ളി, ഇന്ത്യൻ കറൻസി എന്നിവ പിടിച്ചെടുത്തതായും ആറ് പേരെ അറസ്റ്റ് ചെയ്തതായും ധനകാര്യ മന്ത്രാലയം അറിയിച്ചു.

*************************

## മഴ

കേരളത്തിലെ വടക്കൻ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ നേരിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ

RNU TVPM

കാസർകോടുവരെ വിവിധ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

*

***************

**********************************

RNU TVPM